# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 645 — 02-12-2014-ൽ മറുപടിക്ക്

### എമർജിംഗ് കേരള സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ; | (എ) & (ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതും, വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതുമായിരുന്നു എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുവാനും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. എമർജിങ്ങ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

(സി) എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി എമർജിങ്ങ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെ പറയുന്ന രണ്ട് പദ്ധതികൾക്കാണ്.

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt. of Kerala
2. Advanced Diploma course in Automotive Mechatronics (ADAM) Course at Govt. Engineering College,Trivandrum by Mercedez Benz

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ഡി) എമർജിങ്ങ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും, പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രുപീകരിച്ചിട്ടുണ്ട്. അതുപോലെ എമർജിങ്ങ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും, പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**Emerging Kerala 2012 - Projects in progress under Industries Dept.**

| No. | PROJECT | Company/ Promoter | Location | Indicative Cost (Rs. Crores) |
|---|---|---|---|---|
| 1 | Kochi Refinery Expansion Project | BPCL | Kochi Refinery | 12000.00 |
| 2 | Petrochemical JV Projects of BPCL | JV with suitable partner (in talks with Manali Petrochemicals, Chennai) | Ambalamugal, Kochi | 6000.00 |
| 3 | Poly Iso Butylene (PIB) Project | Kothari Petrochemicals, Chennai | Ambalamugal, Kochi | 100.00 |
| 4 | Cumene Plant | Deepak Nitrite Ltd.,(DNL) Vadodara | Kochi | 220.00 |
| 5 | EPDM Rubber Project | Duncan Goenka Group | Kochi | 600.00 |
| 6 | Eco-friendly Gypsum based new generation building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd) | Edayar, Kochi | 16.00 |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions | Thiruvalla | 1000.00 |
| 8 | Mini Food Park (Bio Nutra Park) | Akay Flavours Group | Perumbavoor, Kochi | 200.00 |
| 9 | Milk Processing Plant | Muralya Diary Product | Kattakkada, Trivandrum | 42.00 |
| 10 | Bio Medical Devices Hub | Terumo Penpol, SCTIMST & HLL Lifecare Ltd | Life Science Park,TVM | 400.00 |
| 11 | Bio Similar Drug Manufacturing unit | Mir Group | Life Science Park,TVM | 130.00 |
| 12 | HDPE Storage Tank manufacturing unit | Kelachandra Group | Kottayam | 9.00 |
| 13 | Pre-stressed & Pre-fabricated Housing Component | E-Cube Structural Combines | Palakkad | 25.00 |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures | To be finalised | 15.00 |
| 15 | Automatic Concrete Block Manufacturing Unit | Tasa Blocks & Tiles | Kochi | 10.00 |
| 16 | Ready-to-Eat & Ready-to-Cook Food Items | Chandrakanth Enterprises | Panampassery, Kochi | 25.00 |
| 17 | Dairy farm & Meat processing unit | Idukki District Pravasi Cooperative Society | Idukki | 13.00 |
| 18 | Animal Husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs from Gulf) | North Kerala (location not identified) | 6.00 |
| 19 | Integrated Dairy Farm | Palmount Farms India Ltd | Idukki/ EKM | 158.53 |
| | | TOTAL | | 20969.53 |